**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് - ആർ.ഐ.ഡി.എഫ് ട്രാൻഞ്ച് III – വെട്ടിക്കവല ബ്ലോക്കിലെ വെണ്ടാർ മൂഴിക്കോട് റോഡ് നിർമ്മാണം - പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ പവർ ഓഫ് അറ്റോർണിയായ ശ്രീ. ബി. സത്യശീലന് തുക അനുവദിച്ചത് - സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ഒഴിവാക്കി തുക അനുവദിക്കുന്നതിന് ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ)നം. 1689/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 23-05-2017

==========================================================================

പരാമർശം: - 1. 07-02-2017-ലെ സ.ഉ. (സാധാ)നം. 350/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 06-03-2017-ലെ സി-1685/14 നമ്പർ കത്തിലെ ഭരണ സമിതി തീരുമാനം.
3. 30-03-2017-ലെ സ.ഉ. (സാധാ)നം.989/17/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
4. 17-05-2017-ൽ ശ്രീ. ബി. സത്യശീലൻ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം

**<u>ഉത്തരവ്</u>**

നബാർഡ് - ആർ.ഐ.ഡി.എഫ് - ട്രാൻഞ്ച് III – വെട്ടിക്കവല ബ്ലോക്കിലെ വെണ്ടാർ-മൂഴിക്കോട് റോഡ് നിർമ്മാണം ഏറ്റെടുത്ത കരാറുകാരന്റെ പവർ ഓഫ് അറ്റോർണിയായ ശ്രീ. ബി. സത്യശീലൻ, ചൈതന്യം, ഉമ്മറപ്പള്ളിൽ, കോട്ടാത്തല എന്നയാൾക്ക് ടി നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 1999-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് (SOR) പ്രകാരം കണക്കാക്കിയിട്ടുള്ള 29,27,736.76/- രൂപയിൽ ഇതുവരെ നൽകിയ തുക കിഴിച്ച് ബാക്കി തുകയായ 9,66,343.76 (ഒൻപത് ലക്ഷത്തി അറുപത്താറായിരത്തി മുന്നൂറ്റി നാൽപ്പത്തിമൂന്ന് രൂപ എഴുപത്താറ് പൈസ മാത്രം) അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായി. പ്രസ്തുത തുക വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും താഴെപറയുന്ന വ്യവസ്ഥകളോടെ അനുവദിക്കുന്നതിന് പരാമർശം 3 പ്രകാരം സർക്കാർ അനുമതി നൽകുകയുണ്ടായി.

1. സർക്കാർ അനുവദിച്ച 9,66,349.76/- രൂപ പ്രവൃത്തിയുടെ അന്തിമ തുകയായി കണക്കാക്കി അളവുകളും നിരക്കുകളും അംഗീകരിക്കണം.
2. ശ്രീ. ബി. സത്യശീലൻ ബഹു. ഹൈക്കോടതിയിൽ നൽകിയ WP(C) 19568/2016 നമ്പർ കേസ് പിൻവലിക്കണം.

2. എന്നാൽ മേൽ പറയുന്ന വ്യവസ്ഥകൾ അംഗീകരിക്കാൻ കഴിയുന്നവയല്ലെന്നും ആയതിനാൽ പ്രസ്തുത വ്യവസ്ഥകൾ ഒഴിവാക്കി തുക അടിയന്തിരമായി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബി. സത്യശീലൻ പരാമർശം 4 പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.ബി.സത്യശീലൻ

സമർപ്പിച്ച പരാമർശം (4) നിവേദനത്തിൽ പറഞ്ഞിട്ടുള്ള വസ്തുതകളും ടിയാന്റെ നിലവിലെ സാഹചര്യവും കണക്കിലെടുത്ത് പരാമർശം 1 പ്രകാരം അനുവദിച്ചതും നബാർഡ് - ആർ.ഐ.ഡി.എഫ് -ട്രാൻഞ്ച് -III – വെട്ടിക്കവല ബ്ലോക്കിലെ വെണ്ടാർ-മൂഴിക്കോട് റോഡ് നിർമ്മാണപ്രവൃത്തിയ്ക്ക് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് 1999 എസ്ഒആർ പ്രകാരം കണക്കാക്കിയ തുകയിൽ ബാക്കി നൽകാനുള്ളതായി കണ്ടെത്തിയ തുകയായ 9,66,349.76/- രൂപ (ഒൻപത് ലക്ഷത്തി അറുപത്താറായിരത്തി മുന്നൂറ്റി നാൽപ്പത്തിമൂന്ന് രൂപ എഴുപത്താറ് പൈസ മാത്രം) പരാമർശം 3 സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് ഉത്തരവാകുന്നു.

4. മേൽ പറയുന്ന തുക ശ്രീ.ബി.സത്യശീലന് കൈമാറി വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിവരം ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിനെ അറിയിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി, വെട്ടിക്കവല ബ്ളോക്ക് പഞ്ചായത്ത്, കൊല്ലം (ശ്രീ. ബി. സത്യശീലന് ഉടനടി തുക നൽകി സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിന് )
3. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ